ഉത്തരം

(എ&ബി) ബേഡഡുക്ക പഞ്ചായത്തിൽ കുണ്ടത്തുകുഴി എന്ന സ്ഥലത്ത് മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി സൗകര്യപ്രദമായ കെട്ടിടത്തിനുവേണ്ടി പഞ്ചായത്ത് അധികൃതർവഴി അന്വേഷിച്ചു വരികയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നിബന്ധനകൾ അനുസരിച്ച് കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് മാവേലി സ്റ്റോർ തുടങ്ങാവുന്നതാണ്.

പള്ളിക്കുറുപ്പിൽ മാവേലി സ്റ്റോർ

52 (1847) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരാകുറുശ്ശി ഗ്രാമപഞ്ചായത്തിന് അനുവദിച്ച മാവേലി സ്റ്റോർ പള്ളിക്കുറുപ്പ് എന്ന സ്ഥലത്ത് പ്രവർത്തനം ആരംഭിച്ചുവോ ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പള്ളിക്കുറുപ്പിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിന് കെട്ടിടം വരെ ആയ സ്ഥിതിക്ക് മാവേലി സ്റ്റോർ തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ ത്വരിതഗതിയിൽ നടപ്പിലാക്കുമോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഇല്ല. ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടം പള്ളിക്കുറുപ്പ് എന്ന സ്ഥലത്ത് പഞ്ചായത്ത് അധികൃതർ മാവേലിസ്റ്റോർ തുടങ്ങുന്നതിനായി തെരഞ്ഞെടുക്കുകയും വാടക പഞ്ചായത്ത് തന്നെ നൽകാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട ഉടമയുടെ സമ്മതപത്രം ലഭിച്ചാൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ആലത്തൂർ മണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ തുടങ്ങാൻ നടപടി

53 (1848) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ മണ്ഡലത്തിൽ ഇപ്പോൾ എത്ര മാവേലി സ്റ്റോറുകൾ ഉണ്ട് ; ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) മണ്ഡലത്തിലെ മാവേലി സ്റ്റോറുകളില്ലാത്ത മലയോര പഞ്ചായത്തുകളായ പുതുക്കോട് ; മേലാർകോട് എന്നിവിടങ്ങളിൽ ഓരോ ലാഭം സ്റ്റോറുകളോ മാവേലി സ്റ്റോറുകളോ തുടങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 6 എണ്ണം. ഇവ എല്ലാംതന്നെ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) മേലാർക്കോട് പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പുതുക്കോട് പഞ്ചായത്തിൽ മാവേലി സ്റ്റോർ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങുന്നതിന് അനുയോജ്യമായ കെട്ടിടം പഞ്ചായത്ത് അധികൃതർ ലഭ്യമാക്കിയാലുടനെ മാവേലിസ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

പട്ടാമ്പിയിൽ മാവേലി മെഡിക്കൽ സ്റ്റോർ

54 (1849). ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമ്മോ :

(എ) താലൂക്ക് തലത്തിൽ ആരംഭിക്കുന്ന മാവേലി മെഡിക്കൽ സ്റ്റോറുകളുടെ ലിസ്റ്റിൽ പട്ടാമ്പിയിൽ ഒരു മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ പട്ടാമ്പിയിൽ മാവേലി മെഡിക്കൽ സ്റ്റോർ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല. വിൽപ്പന സാധ്യതയുള്ളതും മെഡിക്കൽ സ്റ്റോറിന് അനുയോജ്യമായ സ്ഥലവും ലഭ്യമായാൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

പട്ടാമ്പിയിലെ നെല്ലായ, കുലുക്കല്ലൂർ, മുതുതല ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോർ

55 (1850) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമ്മോ :

(എ) പട്ടാമ്പി മണ്ഡലത്തിൽപ്പെട്ട നെല്ലായ കുലുക്കല്ലൂർ, മുതുതല എന്നീ ഗ്രാമ പഞ്ചായത്തുകളിൽ മാവേലിസ്റ്റോർ ആരംഭിക്കുവാൻ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവിടങ്ങളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗതാഗത സൗകര്യം, വിപണന സാദ്ധ്യത, ചുരുങ്ങിയത് 350 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിടം, രണ്ടു വർഷത്തെ കെട്ടിട വാടക അതാത് പഞ്ചായത്ത് അധികൃതർ തന്നെ നൽകുക എന്നീ നിബന്ധനകൾ പാലിച്ച് കെട്ടിടം ലഭ്യമാക്കുന്ന മുറയ്ക്ക് മാവേലി സ്റ്റോറുകൾ ആരംഭിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly